(ബി) അടുത്ത അദ്ധ്യയന വർഷത്തിൽ പുതിയ ഏതെങ്കിലും ട്രേഡുകൾ പാഠ്യവിഷയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(ഡി) വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകളിലെ ട്രേഡുകളിൽ പി. എസ്. സി. അംഗീകരിക്കാത്ത കോഴ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(ഇ) ഇവയ്ക്ക് പി. എസ്. സി. യുടെ അംഗീകാരം ലഭിക്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) 45 ട്രേഡുകൾ പഠന വിഷയങ്ങളായി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) തല്ക്കാലം ഉദ്ദേശിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്. അംഗീകരിക്കാത്ത കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. †

(ഇ) നടപടി സ്വീകരിച്ചു വരുന്നു.

ശ്രീ. പി. ജി. ഷാജിയുമായി ബന്ധപ്പെട്ട ഫയൽ താമസിപ്പിച്ച നടപടി

103 (2979) ശ്രീ. രാജുഎബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആങ്ങമുഴി ഹൈസ്കൂളിലെ പി. ജി. ഷാജി രാജു എബ്രഹാം എം. എൽ. എ. മുഖാന്തിരം 15-9-1999-ൽ നൽകിയ അപേക്ഷയിൻമേൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനിൽ എത്തിയ റിപ്പോർട്ടിൻമേൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ബന്ധപ്പെട്ട സെക്ഷനിൽ എത്തുന്ന രേഖകളിൻമേൽ നടപടി സ്വീകരിക്കാതെ മറച്ചു വയ്ക്കാൻ ജീവനക്കാരന് അധികാരമുണ്ടോ ;

(ഡി) ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തുന്ന ഫയലുകളുടെ നീക്കം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഇപ്പോഴുള്ളത് ;

(ഇ) പി. ജി. ഷാജിയുടെ ഫയൽ ബന്ധപ്പെട്ട സീറ്റിൽ എത്തിയശേഷം മറ്റ് ഏതെങ്കിലും ഫയൽ സെക്ഷനിൽ നിന്നും തീർപ്പു കൽപിച്ചു വിട്ടിട്ടുണ്ടോ ;

(എഫ്) ശ്രീ പി. ജി. ഷാജിയുടെ അപേക്ഷ അടങ്ങുന്ന ഫയൽ ബോധപൂർവ്വം താമസിപ്പിച്ചതാണെങ്കിൽ അധികാര ദുർവിനിയോഗം നടത്തിയ പ്രസ്തുത

† അനുബന്ധം X .

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരന്റെ പേരിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) പത്തനംതിട്ട, ആങ്ങമുഴി ഗുരുകുലം യു . പി. സ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ. പി. ജി. ഷാജിയുടെ അപേക്ഷ 18-9-1999-ൽ സർക്കാരിൽ ലഭിക്കുകയും 23-9-1999 ൽ അപേക്ഷയിൻമേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. ഡയറക്ടറുടെ റിപ്പോർട്ട് 9-11-1999 ൽ സർക്കാരിൽ ലഭിച്ചു. ഷാജിയുടെ നിയമനവുമായി ബന്ധപ്പെട്ട ഒരു കോടതി വിധി ഡയറക്ടർ പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അതിന്റെ പകർപ്പ് സർക്കാരിന് അയച്ചുതന്നിരുന്നില്ല. അതിനാൽ കോടതിവിധിയുടെ പകർപ്പും, അതുപ്രകാരം ഹെഡ്മാസ്റ്റർ തസ്തികയിൽ പ്രൊമോഷൻ നൽകിയ ഉത്തരവിന്റെ പകർപ്പും അയച്ചു തരുന്നതിന് 11-11-1999 ൽ ഡയറക്ടറോട് സർക്കാർ വീണ്ടും ആവശ്യപ്പെട്ടു. ഇവ ഡയറക്ടറിൽ നിന്നും 10-3-2000 ൽ സർക്കാരിൽ ലഭിക്കുകയും ആയത് സർക്കാർ പരിശോധിക്കുകയും 4-4-2000ൽ ഹർജിക്കാരനെ ഹിയറിംഗിന് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ ശ്രീ. പി. ജി. ഷാജി നൽകിയ അപേക്ഷയിൻമേൽ നടപടി സ്വീകരിക്കുന്നതിൽ യാതൊരുവിധ കാലതാമസവും സർക്കാരിന്റെ ഭാഗത്ത്നിന്നും ഉണ്ടായിട്ടില്ല.

(സി & ഡി) ബന്ധപ്പെട്ട സെക്ഷനിൽ എത്തുന്ന ഫയലുകൾ കേരള സെക്രട്ടറിയേറ്റ് ഓഫീസ് മാനുവൽ പ്രകാരമാണ് കൈകാര്യം ചെയ്യുന്നതും നിരീക്ഷിക്കപ്പെടുന്നതും.

(ഇ) ഉണ്ട്.

(എഫ്) മേൽ (എ) (ബി) ചോദ്യങ്ങളുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പ്ലസ്ടു കോഴ്സ് സംബന്ധിച്ച് സുപ്രീംകോടതി കേസുകൾ

104 (2980) ശ്രീ. പി. കെ. കെ. ബാവ :

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തി വരുന്നതിന്റെ ഭാഗമായി അനുവദിച്ച പ്ലസ് ടു കോഴ്സുകൾ സംബന്ധിച്ച് സുപ്രീംകോടതിയിൽ കേസുകൾ എന്തെങ്കിലും നിലവിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എതിർ കക്ഷികൾ ആരൊക്കെയാണ്? വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്ലസ് ടു കോഴ്സുകൾ അനുവദിച്ചതിന് സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് കോടതി ആരാഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly